നിയമം കൊണ്ടിവരികയും ഈ നിയമത്തെ ലംഘിച്ചുകൊണ്ട് സ്കൂൾ ഗ്രൗണ്ട് അനധികൃതമായി കൈയേറി കായിക പരിശീലനം നടത്തുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്തവരുടെ പേരിൽ ഈ നിയമത്തിൽ അനുശാസിക്കുന്ന തരത്തിൽ കേസെടുത്ത് ശിക്ഷണ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ഡി.വൈ.എഫ്.ഐ. ദേശീയ സമ്മേളനത്തിന്റെ ഭാഗമായി തിരുവനന്തപുരത്തു നടക്കുന്ന മാർച്ച്പാസ്റ്റിൽ പങ്കെടുക്കുന്നതിന് യുവാക്കൾക്കുള്ള മാർച്ച്പാസ്റ്റ് പരിശീലന പരിപാടികൾ പല സ്ഥലത്തും നടന്നു വരുന്നുണ്ട്. അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ വല്ലന യു.പി. സ്കൂളിലും മാർച്ച് 1-ാം തീയതി മുതൽ 3-ാം തീയതി വരെ ഇരുപത്തഞ്ചോളം യുവാക്കൾ പങ്കെടുത്തുകൊണ്ടുള്ള മാർച്ച്പാസ്റ്റ് പരിശീലനം നടന്നിരുന്നു. ആക്രമണ പ്രതിരോധ ഉദ്ദേശത്തോടുകൂടിയുള്ള ആയോധനമുറകൾ പരിശീലിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ മുൻകൂട്ടി അനുമതി വാങ്ങണമെന്നാണ് കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് തീരുമാനിച്ചിട്ടുള്ളത്. നിലവിലുള്ള നിയമത്തിനു വിരുദ്ധമായ കായികപരിശീലനങ്ങൾ ഒന്നും മേൽപ്പറഞ്ഞ സ്ഥലത്ത് നടന്നതായി ഒരു പരാതിയും ഇവിടെ ലഭിച്ചിട്ടില്ല. ഈ പരിശീലനം എല്ലാ സ്ഥലത്തും നടക്കുന്നുണ്ട്.

(2) വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും സമഗ്രപദ്ധതി

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ വൃദ്ധജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് വൃദ്ധജനങ്ങളുടെ സംഖ്യ വർദ്ധിച്ചു വരികയാണ്. ചൈന കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം വയോധികർ ഉള്ളത് കേരളത്തിലാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ ഒരു ഇന്റേണൽ മെഡിസിൻ ജെറിയാട്രിക് വിഭാഗമുണ്ട്. ആ ജെറിയാട്രിക് വിഭാഗത്തിൽ ഇന്നലേയും ഇന്നുമായി ആൾ ഇൻഡ്യാ സെമിനാർ നടക്കുകയാണ്. അവരുടെ കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യയുടെ 10 ശതമാനവും 60 വയസ്സു കഴിഞ്ഞ ആളുകളാണ്. ഈ നില തുടർന്നാൽ 25 വർഷം കഴിയുമ്പോൾ 5 കേരളീയരിൽ ഒരാൾ വൃദ്ധനായി മാറും എന്നാണ് ഇവിടെ ചർച്ച ചെയ്ത പ്രബന്ധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം. ഞാൻ ഇത് അങ്ങേയ്ക്ക് എഴുതിതന്നിട്ടുമുണ്ട്. കൂട്ടുകുടുംബം എന്ന സങ്കൽപത്തിൽ നിന്നും വ്യത്യസ്തമായി അണുകുടുംബങ്ങൾ സാർവത്രികമായി വരുന്ന ഈ കാലഘട്ടത്തിൽ വൃദ്ധജനങ്ങൾ വളരെ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജീവിതത്തിൽ നല്ല കാലം മുഴുവൻ സമൂഹത്തിനും മക്കൾക്കുംവേണ്ടി അധ്വാനിച്ച് ഒടുവിൽ ആരുമില്ലാതെയാകുന്ന ഇവരുടെ അവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. സാമൂഹ്യ രംഗത്ത് നിൽക്കുന്ന നമുക്കും ഈ അവസ്ഥ നാളെയുണ്ടാകും. അത് എല്ലാവർക്കുമറിയാം. ആരുമില്ലാത്ത ഒരു അവസ്ഥ പരിതാപകരമാണ്. അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ സുവർണ്ണമയൂരം നേടിയ കേരളത്തിന്റെ മലയാളിയുടെ അഭിമാനമായ ജയരാജിന്റെ 'കരുണം' പറയുന്ന കഥയും

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള വൃദ്ധ ദമ്പതികളുടേതാണ്. ഈയിടെ അന്തരിച്ച ടി. വി. കൊച്ചുബാവ. അദ്ദേഹത്തിന്റെ ഒരേയൊരു നോവലാണ് വൃദ്ധസദനം, വാർദ്ധ്യക്യത്തിൽ ആരോരുമില്ലാതെ, ബന്ധുക്കളുടെ ക്ഷാമം പിടിച്ച അവസ്ഥ, വളരെ ഹൃദയസ്പർശിയായി, സത്യസന്ധമായി വരച്ചുവച്ച ഒരു നോവലാണ് വൃദ്ധസദനം. ജീവിതം മുഴുവൻ നാടിനുവേണ്ടിയും കുടുംബത്തിനുവേണ്ടിയും ഹോമിച്ച് ഒടുവിൽ തെരുവിൽ അലയാൻ വിധിക്കപ്പെട്ട ഈ മനുഷ്യർക്ക് നാം എന്തെങ്കിലും ചെയ്യണം. സാമൂഹ്യ സംഘടനകളും മറ്റും വൃദ്ധ സദനങ്ങൾ നടത്തുന്നുണ്ട്. അതു പോരാ. ഇവരുടെ പുനരധിവാസത്തിന് സമഗ്രമായ ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കണം. സ്വകാര്യ സംരംഭകർ ഈ രംഗത്തുണ്ട്. അവിടെയൊക്കെ പണം പിഴിഞ്ഞ് എടുക്കുക എന്നതുമാത്രമാണ്. പക്ഷെ ലോകത്ത് പല രാജ്യങ്ങളിലും വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള പല പദ്ധതികളും നിലവിലുണ്ട്. ഈ വൃദ്ധർ രണ്ടു തരമാണ്. ഒന്ന്, സാമ്പത്തിക സൗകര്യം ഉണ്ടായിരുന്നിട്ടും നോക്കാൻ ആരും ഇല്ലാത്തവർ. രണ്ട്, സാമ്പത്തിക സൗകര്യം ഇല്ലാതെ നോക്കാൻ ആരുമില്ലാത്തവർ. അതുകൊണ്ട് ഗവൺമെന്റ് മുൻകൈയെടുത്ത് ഇവരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും അവർക്കു വേണ്ട സംരക്ഷണം നൽകുന്നതിനും വൃദ്ധ സദനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ആദ്യം പറഞ്ഞത് ഇന്നത്തെ പത്ര വാർത്തയാണ്. അതാണ് ആദ്യം പ്രസംഗിച്ചത്. ചൈനയും ഇൻഡ്യയും സംബന്ധിച്ചുള്ള പരാമർശം. ഞാൻ അതല്ല പറയാൻ പോകുന്നത്. വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെ അതീവ പ്രാധാന്യത്തോടും അനുകമ്പയോടും കൂടിയാണ് സംസ്ഥാന സർക്കാർ കാണുന്നത്. അശരണരായ വൃദ്ധജനങ്ങളുടെ പരിപാലനം, സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ ഇപ്പോൾ വൃദ്ധസദനങ്ങളുണ്ട്. തിരുവനന്തപുരത്ത് ഞാൻ തന്നെയാണ് ഒരു വൃദ്ധസദനം ഉദ്ഘാടനം ചെയ്തത്. സൗകര്യപ്രദമായ കെട്ടിടം ലഭിക്കാത്തതുകൊണ്ടാണ് പത്തനംതിട്ട ജില്ലയിൽ വൃദ്ധസദനം തുടങ്ങാൻ കഴിയാത്തത്. കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് അവിടെയും വൃദ്ധസദനം തുടങ്ങുന്നതാണ്. വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ഓരോരുത്തർക്കും പ്രതിമാസം സംരക്ഷണചെലവിനായി 250 രൂപയും വസ്ത്രം, കിടക്ക, മരുന്നുകൾ എന്നിവയ്ക്ക് പ്രതിവർഷം 200 രൂപയും സർക്കാർ സഹായം അനുവദിക്കുന്നുണ്ട്. വൃദ്ധമന്ദിരങ്ങൾ തുടങ്ങുന്നതിന് സന്നദ്ധസംഘടനകൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഇപ്രകാരം ഗ്രാന്റ് ലഭിക്കുന്ന 82 സ്ഥാപനങ്ങൾ ഇന്ന് സംസ്ഥാനത്ത് പ്രവർത്തിച്ചുവരികയാണ്. 65 വയസ്സിനു മുകളിൽ പ്രായമുള്ള അഗതികളും അശരണരുമായ വൃദ്ധജനങ്ങൾക്ക് പ്രതിമാസം 110 രൂപ നിരക്കിൽ വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നുണ്ട്. ഓരോ ജില്ലയിലും ഓരോ വൃദ്ധ സദനം പണിയുന്നതിന് 30 ലക്ഷം രൂപവരെ അനുവദിക്കുന്ന ഒരു കേന്ദ്ര പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. വൃദ്ധജനങ്ങളുടെ സംരക്ഷണം, പുനരധിവാസം എന്നിവയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ഒരു ഏകീകൃത നയം സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly